# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
2003 ആഗസ്റ്റ് 13-ാം തീയതി ബുധനാഴ്ച

## വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -15)

931) പുനർവിന്യാസവും പി.എസ്.സി. നിയമനവും ത്വരിതപ്പെടുത്താൻ നടപടി
932) നിരോധിക്കപ്പെട്ടിട്ടുള്ള മരുന്നുകളുടെ വിൽപ്പന
933) മലിനീകരണം നിയന്ത്രിക്കുന്നതിനും തടയുന്നതിനും നടപടി
934) ധീരതയ്ക്കുള്ള അവാർഡ് നേടിയവർക്കുള്ള ആനുകൂല്യങ്ങൾ
935) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ
936) താലൂക്ക് ആശുപത്രികൾ, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ എന്നിവയുടെ വികസനത്തിനായി മാസ്റ്റർ പ്ളാൻ
937) വേദനയ്ക്ക് ഫലപ്രദമായ ചികിത്സ
938) ഗ്രാമീണ വ്യവസായ മേഖലയിലെ പദ്ധതികൾ
939) പ്ളാച്ചിമടയിലെ കൊക്കോകോള കമ്പനിയുടെ മാലിന്യങ്ങളെക്കുറിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനം
940) അർഹതപ്പെട്ടവർക്ക് സംവരണം നിലനിർത്താൻ നടപടി
941) നിർമ്മാർജ്ജനം ചെയ്ത പകർച്ചവ്യാധികൾ
942) റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ
943) സ്റ്റെഡിന്റെ പ്രവർത്തനം വിപുലപ്പെടുത്താനും ശക്തിപ്പെടുത്താനും നടപടി
944) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം അനുവദിച്ച തുക
945) മലിനീകരണത്തിന്റെ ആധിക്യത്തെ സംബന്ധിച്ച കണ്ടെത്തലുകൾ

### പുനർവിന്യാസവും പി.എസ്.സി. നിയമനവും ത്വരിതപ്പെടുത്താൻ നടപടി

*931. ശ്രീ. പി.സി. ജോർജ് :
ശ്രീ. എ.കെ. ബാലൻ :
ശ്രീ. പി. ജയരാജൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥ പുനർവിന്യാസം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിൽപ്പെട്ട എത്ര ഉദ്യോഗസ്ഥരെയാണ് നാളിതുവരെ പുനർവിന്യാസം നടത്തിയിട്ടുള്ളത് ;

(സി) ഉദ്യോഗസ്ഥന്മാരെ പുനർവിന്യാസം നടത്തുന്നതിന് വിവിധ സർക്കാർ വകുപ്പുകളിൽ ഇപ്പോൾ സ്വീകരിക്കുന്ന മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) നിലവിലുള്ള മാനദണ്ഡം മറികടന്ന് ജീവനക്കാരെ പുനർവിന്യാസം നടത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉദ്യോഗസ്ഥന്മാരുടെ പുനർവിന്യാസം സംബന്ധിച്ചുള്ള പരാതി പരിഹരിക്കാൻ ഗവൺമെന്റ് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(എഫ്) ഇപ്പോൾ സർക്കാർ വകുപ്പുകളിൽ നിലവിലുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് ഗവൺമെന്റ് എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ജി) ഇതു സംബന്ധിച്ച് ഗവൺമെന്റ് ഏറ്റവും അവസാനം ഇറക്കിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(എച്ച്) ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പുനർവിന്യാസം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ഐ) പുനർവിന്യാസം പൂർത്തീകരിക്കാത്തതിനാൽ പി.എസ്.സി. നിയമനങ്ങൾ തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജെ) എങ്കിൽ ഇതു പരിഹരിക്കാൻ പുനർവിന്യാസം ആഗസ്റ്റ് 15-നകം പൂർത്തീകരിക്കാനും പി.എസ്.സി. വഴിയുള്ള നിയമനം ത്വരിതപ്പെടുത്താനും സർക്കാർ തയ്യാറാവുമോ ?

### ഉത്തരം

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):**

(എ) സർക്കാർ ഉത്തരവ് (പി) നം.56/ധനം/തീയതി 16-1-2002 പ്രകാരം രൂപീകരിച്ച സെക്രട്ടറിമാരുടെ കമ്മിറ്റി വിവിധ വകുപ്പുകളിൽ വിവിധ ഭാഗങ്ങളിലായി 17168 ജീവനക്കാരെ അധികമായി കണ്ടെത്തിയിട്ടുണ്ട്. ഇങ്ങനെ കണ്ടെത്തിയ അധിക ജീവനക്കാരെ വിവിധ വകുപ്പുകൾ

ആവശ്യപ്പെടുന്ന മുറയ്ക്ക് പുനർവിന്യസിക്കുന്നതിനുള്ള അനുമതി ഈ വകുപ്പിൽ നിന്നും നൽകിവരുന്നു. (ഇതു സംബന്ധിച്ച വിശദവിവരം അനുബന്ധം (എ).എ(1) എന്നിവയിൽ കാണാവുന്നതാണ്.

(ബി) വിവിധ വകുപ്പുകളിൽ പൊതുവിഭാഗത്തിൽപ്പെട്ട 7174 അധികജീവനക്കാരിൽ 2040 ജീവനക്കാരെ പുനർവിന്യസിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. (ഇതു സംബന്ധിച്ച വിശദവിവരം അനുബന്ധം (ബി) യിൽ കാണാവുന്നതാണ്.)

(സി) സർക്കാർ ഉത്തരവ് നം.56/ധനം/തീയതി 16-1-2002 പ്രകാരം രൂപീകരിച്ച കമ്മിറ്റി വിവിധ വകുപ്പുകളിൽ കണ്ടെത്തിയ അധിക ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് ധനകാര്യ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് നം. 572/02/ധനം തീയതി 24-9-2002 പ്രകാരം നിശ്ചയിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പുനർവിന്യാസം നടത്തിക്കൊണ്ടിരിക്കുന്നത്. (ആയതിന്റെ പകർപ്പ് അനുബന്ധം (സി) യിൽ കാണാവുന്നതാണ്.).

(ഡി) &(ഇ) പുനർവിന്യാസം സംബന്ധിച്ച് പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(എഫ്) ഇപ്പോൾ സർക്കാർ വകുപ്പുകളിൽ നിലവിലുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് സർക്കാർ ഉത്തരവ് നം.56/ധനം/തീയതി 16-1-2002 പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ അനുമതി ആവശ്യമാണ്.

(ജി) ഇതു സംബന്ധിച്ച് ഏറ്റവും അവസാനം ഇറക്കിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധം (ഡി) യിൽ കാണാവുന്നതാണ്.

(എച്ച്) വിവിധ വകുപ്പുകൾ ആവശ്യപ്പെടുന്ന മുറയ്ക്കാണ് പുനർവിന്യാസം നടത്തുന്നതിന് അനുമതി നൽകുന്നത്. ആയതുകൊണ്ട് എന്നത്തേയ്ക്ക് പൂർത്തീകരിക്കാമെന്ന് ക്ലിപ്തമായി പറയാൻ സാധ്യമല്ല.

(ഐ&ജെ) പുനർവിന്യാസം പൂർത്തീകരിക്കാത്തതിനാൽ പി.എസ്.സി. നിയമനങ്ങൾക്കുള്ള തടസ്സം ഒഴിവാക്കുന്നതിനായി കാലാവധി തീരുന്ന റാങ്കുലിസ്റ്റുകളുടെ കാലാവധി നീട്ടിയിട്ടുണ്ട്. ഇപ്പോൾ വീണ്ടും പി.എസ്.സി. ലിസ്റ്റുകളുടെ കാലാവധി 6 മാസത്തേയ്ക്കു കൂടി നീട്ടുന്നതിന് സർക്കാർ തീരുമാനിച്ച് പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്.

## നിരോധിക്കപ്പെട്ടിട്ടുള്ള മരുന്നുകളുടെ വിൽപ്പന

*932. ശ്രീ. കെ.കെ. ജയചന്ദ്രൻ :

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീ. ടി.പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരോധിക്കപ്പെട്ട മരുന്നുകളുടെ വിൽപ്പന നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം മരുന്നകളുടെ വിൽപ്പന തടയുന്നതിനും കണ്ടുപിടിക്കുന്നതിനും സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) നിരോധിക്കപ്പെട്ട മരുന്നുകൾ വിതരണം നടത്തുന്നവർക്കും ഉൽപ്പാദിപ്പിക്കുന്നവർക്കുമെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ ;

(ഇ) സംസ്ഥാനത്ത് 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ ഏതെല്ലാം മരുന്നുകൾ ഡ്രഗ്സ് കൺട്രോളർ നിരോധിച്ചിട്ടുണ്ട് ; ഇതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(എഫ്) ഇതിൽ ഗുണനിലവാരമില്ലാത്തതായി ഗവൺമെന്റ് അനലിസ്റ്റ് പ്രഖ്യാപിച്ച മരുന്നുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഒരേ ബ്രാന്റ് നാമത്തിൽ ഒന്നിൽ കൂടുതൽ മരുന്നുകൾ വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമമനുസരിച്ചുള്ള നിർമ്മാണ ലൈസൻസില്ലാതെ മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഐ) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി)&(സി) ഉണ്ട്. മരുന്നുകളുടെ നിർമ്മാണവും വിതരണവും നിരോധിക്കുന്നത് കേന്ദ്രസർക്കാരാണ്. ഇപ്രകാരം നിരോധിക്കപ്പെട്ട മരുന്നുകളുടെ വിവരം പത്രമാദ്ധ്യമങ്ങൾവഴി ഡ്രഗ്സ് കൺട്രോളർ പൊതുജനങ്ങളുടേയും, ഔഷധവ്യാപാരികളുടേയും ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. കൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ മെഡിക്കൽ സ്റ്റോറുകളിലും ആശുപത്രികളിലും പരിശോധന നടത്തി നിരോധിക്കപ്പെട്ട മരുന്നുകൾ വിതരണം ചെയ്യുന്നില്ല എന്നുള്ള വസ്തുത ഉറപ്പു വരുത്തുന്നുണ്ട്
.

(ഡി) നിരോധിക്കപ്പെട്ട മരുന്നുകൾ വിൽപ്പന നടത്തിയതായി കണ്ടെത്തുന്ന കേസുകളിൽ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിലെയും റൂൾസിലേയും വ്യവസ്ഥകൾപ്രകാരം ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്. മരുന്നുകൾ കേന്ദ്രസർക്കാർ നിരോധിച്ച തീയതിക്ക്ശേഷം നിർമ്മാണം നടത്തിയതായി സംസ്ഥാനത്ത് കണ്ടെത്തിയ രണ്ട് കേസുകളിൽ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ)&(എഫ്) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിലെ സെക്ഷൻ 26എ പ്രകാരം കേന്ദ്രസർക്കാർ നിരോധിച്ചിട്ടുള്ള മരുന്നുകളുടെ ലിസ്റ്റും സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബറട്ടറിയിൽ നടത്തിയ പരിശോധനയിൽ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയതിനെത്തുടർന്ന് ഡ്രഗ്സ് കൺട്രോളർ നിരോധിച്ച മരുന്നുകളുടെ ലിസ്റ്റും അനുബന്ധമായി ചേർക്കുന്നു.

(ജി) ഉണ്ട്.

(എച്ച്)&(ഐ) ഉണ്ട്. ഡ്രഗ്സ് ലൈസൻസ് ഇല്ലാതെ മറ്റു സംസ്ഥാനങ്ങളിൽ നിർമ്മിച്ച 'ഫുഡ് സപ്ലിമെന്റ്' എന്ന അവകാശവാദത്തോടെ ചില മരുന്നുകൾ സംസ്ഥാനത്ത് വിൽപ്പന നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ആംവേ ഇൻഡ്യ എന്റർപ്രൈസസ്, കാഡില ഫാർമസ്യൂട്ടിക്കൽസ്, അഹമ്മദാബാദ്, ഫ്രാഞ്ച് ടെക് മാർക്കറ്റിംഗ് ലിമിറ്റഡ്, ചെന്നൈ, ജെ.എസ്. ഹെർബൽ മാർക്കറ്റിംഗ് ലിമിറ്റഡ്, ചെന്നൈ, ഹെർബൽ നെസ്റ്റ്, ഇടപ്പള്ളി, മൈക്രോ ലാബ്സ് ലിമിറ്റഡ്, ബാഗ്ളൂർ, വോക്ക്ഹാർഡ് ലിമിറ്റഡ്, മുംബൈ തുടങ്ങിയ സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ തുടരുന്നുണ്ട്.

## മലിനീകരണം നിയന്ത്രിക്കുന്നതിനും തടയുന്നതിനും നടപടി

*933. ശ്രീ. പി. നാരായണൻ :

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്തരീക്ഷ മലിനീകരണം വർദ്ധിച്ചിട്ടുള്ളതായി കേന്ദ്ര പൊല്യൂഷൻ കൺട്രോൾ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് പ്രധാനപ്പെട്ട പട്ടണങ്ങലളിലെ അന്തരീക്ഷ മലിനീകരണത്തെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) വാഹനങ്ങളിൽ നിന്നും വമിക്കുന്ന പുക ഉയർത്തുന്ന മലിനീകരണം കാരണം അപകടകരമായ തോതിൽ തിരുവനന്തപുരം, കൊച്ചി തുടങ്ങിയ പട്ടണങ്ങളിൽ വായുമലിനീകരണം വർദ്ധിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) മലിനീകരണം നിയന്ത്രിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഇ) മലിനീകരണം നിയന്ത്രിക്കുന്നതിനും തടയുന്നതിനും നടപടികൾ സ്വീകരിക്കാൻ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പ്രവർത്തനം അപര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(എഫ്) മലിനീകരണത്തിനെതിരെ ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി സന്നദ്ധസംഘടനകൾ, വിദ്യാർത്ഥികൾ, ജീവനക്കാർ, തൊഴിലാളികൾ എന്നിവരെ ഉൾപ്പെടുത്തി ജനകീയ പ്രവർത്തനങ്ങൾക്ക് സർക്കാർ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി) ഉണ്ട്. അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി പ്രധാനപ്പെട്ട നഗരങ്ങളിൽ മോണിട്ടറിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പഠനം നടത്തിവരുന്നു. ഇതിൻപ്രകാരം തിരുവനന്തപുരത്തും, എറണാകുളത്തും മൂന്ന് മോണിറ്ററിംഗ് സ്റ്റേഷനുകൾവീതവും കോഴിക്കോട് രണ്ട് മോണിട്ടറിംഗ് സ്റ്റേഷനുകളുമാണുള്ളത്. അന്തരീക്ഷത്തിലെ സൽഫർഡയോക്സൈഡ്, നൈട്രജൻ ഓക്സൈഡ് പൊടിപടലം എന്നീ മാലിന്യഘടകങ്ങളുടെ തോതാണ് നിശ്ചയിച്ചുവരുന്നത്. പരിശോധനാ റിപ്പോർട്ടുകൾ വെളിവാക്കുന്നത് അന്തരീക്ഷവായുവിന്റെ ഗുണനിലവാരം പൊതുവേ തൃപ്തികരമാണ് എന്നാണ്. പൊടിയുടെ അളവിൽ ചില സന്ദർഭങ്ങളിൽ നേരിയ വർദ്ധന കണ്ടിട്ടുണ്ട്.

(സി) മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ അന്തരീക്ഷ വായു മോണിട്ടറിംഗ് റിപ്പോർട്ടുകൾ പ്രകാരം അന്തരീക്ഷ മലിനീകരണത്തിന്റെ പ്രധാനകാരണം വാഹനങ്ങളിൽ നിന്നുള്ള പുകയാണ് എന്ന് വ്യക്തമായിട്ടുണ്ട്.

(ഡി) കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം 1974, വായുമലിനീകരണ (നിവാരണവും നിയന്ത്രണവും)നിയമം 1981, പരിസ്ഥിതി സംരക്ഷണ നിയമം (1986) അതനുസരിച്ച് ഉണ്ടാക്കിയ ഹസാർഡ്സ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്) റൂൾസ് 1989, ബയോമെഡിക്കൽ വേസ്റ്റ് റൂൾസ് 1988, റീസൈക്കിൾഡ് പ്ലാസ്റ്റിക് മാനുഫാക്ചറർ ആന്റ് യൂസേജ് റൂൾസ് 1999, മുനിസിപ്പൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ആന്റ്

ഹാൻഡിലിംഗ് റൂൾസ് 2000 തുടങ്ങിയ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ മലിനീകരണ നിയന്ത്രണ ബോർഡ് എടുത്തുവരുന്നു.

(ഇ) ഇല്ല.

(എഫ്) മലിനീകരണ നിയന്ത്രണ ബോർഡ് പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

## ധീരതയ്ക്കുള്ള അവാർഡ് നേടിയവർക്കുള്ള ആനുകൂല്യങ്ങൾ

*934. ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ടി.പി.എം. സാഹിർ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. മോയിൻകുട്ടിതാഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

________(എ) ധീരതയ്ക്കുള്ള പ്രസിഡന്റിന്റെ അവാർഡുകളോ ജീവൻരക്ഷാ പതക്കമോ നേടിയ ബാലികാബാലന്മാർക്ക് വിദ്യാഭ്യാസത്തിനോ ജോലി കണ്ടെത്തുന്നതിനോ ഉള്ള സഹായങ്ങൾ നൽകുന്ന പദ്ധതി നിലവിലുണ്ടോ ;

(ബി) ജോലി ലഭിക്കുന്നതിന് നേരിട്ട് തെരഞ്ഞെടുക്കുന്നതിന് ഇവരെ പരിഗണിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ജീവൻരക്ഷാ പതക്കംപോലുള്ള ബഹുമതി ലഭിച്ച കുട്ടികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി) :**

(എ) (ബി)&(സി)&(ഡി) ധീരതയ്ക്കുള്ള പ്രസിഡന്റിന്റെ അവാർഡുകളോ ജീവൻരക്ഷാ പതക്കം നേടിയ ബാലികാബാലൻമാർക്ക് വിദ്യാഭ്യാസത്തിനോ ജോലി കണ്ടെത്തുന്നതിനോ ഉള്ള സഹായപദ്ധതികൾ നിലവിലില്ല .

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ

*935. ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ നടന്നുവരുന്ന ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ത്രിതല പഞ്ചായത്ത് സമിതികളും കോർപ്പറേഷൻ മുനിസിപ്പൽ സമിതികളും ഏതെല്ലാം തലങ്ങളിലുള്ള പ്രവർത്തനങ്ങൾ ഇക്കാര്യത്തിൽ നടത്തിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ജനകീയ സമിതികൾ രൂപീകരിക്കുവാൻ നടപടി കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) :**

**(എ)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ വരുന്ന ആരോഗ്യസംരക്ഷണവുമായി ബന്ധപ്പെട്ട പ്രധാന പ്രവർത്തനങ്ങൾ പൊതുജനാരോഗ്യവും ശുചീകരണവും സംബന്ധിച്ച കാര്യങ്ങളാണ്. ഇതിൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവ പരിശോധിച്ച് ഭക്ഷ്യയോഗ്യമായ ആഹാര പദ്ർത്ഥങ്ങളാണ് വിതരണം ചെയ്യുന്നത് എന്ന് ഉറപ്പുവരുത്തുക, ഭക്ഷ്യയോഗ്യമല്ലാത്ത പദാർത്ഥങ്ങൾ നശിപ്പിക്കുക, കുറ്റക്കാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുക, അറവുശാലകൾ പരിശോധിക്കുക, കൊതുകുനിവാരണ പരിപാടികൾ നടപ്പാക്കുക, സാംക്രമിക രോഗങ്ങൾക്കെതിരെ വാക്സിനേഷൻ ഉൾപ്പെടെയുള്ള പ്രതിരോധ നടപടികൾ, മയക്കുമരുന്നിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിനെതിരെയുള്ള നടപടികൾ എന്നിവ ഉൾപ്പെടുന്നു.__.

(ബി) ഗ്രാമപഞ്ചായത്തുകളിൽ കേരള പഞ്ചായത്ത രാജ് ആക്ടിലെ 219-ാം വകുപ്പ് അനുശാസിക്കുന്ന പ്രകാരമുള്ള മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കൂടാതെ 18-9-95-ലെ ജി.ഒ.(പി) നം.189/95/തഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളിൽ പൊതുജനാരോഗ്യവും ശുചീകരണവും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതുപ്രകാരം സർക്കാർ ഡിസ്പെൻസറികൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, ജില്ലാ ആശുപത്രികൾ എന്നിവയുടെ നടത്തിപ്പും നിയന്ത്രണവും, മാതൃശിശുക്ഷേമ കേന്ദ്രങ്ങളുടെ നടത്തിപ്പും നിയന്ത്രണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. സാംക്രമിക രോഗങ്ങൾക്കെതിരെ വാക്സിനേഷൻ ഉൾപ്പെടെയുള്ള പ്രതിരോധ

നടപടികൾ, മയക്കുമരുന്നിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിനെതിരായുള്ള നടപടികൾ (ഡി.ആന്റ്.ഒ.ചട്ടങ്ങൾ പ്രകാരം) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എടുത്തുവരുന്നു. സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള ക്ലീൻ കേരള പ്രോജക്ടിന്റെ ഭാഗമായി എല്ലാ നഗരസഭകളിലും, കോർപ്പറേഷനുകളിലും മുനിസിപ്പൽ ലെവൽ കമ്മിറ്റി രൂപീകരിച്ച് പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റുകൽ സ്ഥാപിക്കുകയുണ്ടായി. പ്രോജക്ടിന്റെ ഉദ്ദേശം കേരളം മാലിന്യമോചിത മേഖലയാക്കുക എന്നതാണ്. ഇതിന്റെ പശ്ചാത്തലത്തിൽ എല്ലാ നഗരസഭകളിലും മാലിന്യ നിർമ്മാർജ്ജനം നടത്തുന്നതിനും ഖര മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ നടപ്പിലാക്കാനുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചുകഴിഞ്ഞു. റസിഡൻഷ്യൽ അസോസിയേഷനുകളിലേയും കുടുംബശ്രീ പ്രവർത്തകരുടേയും സഹായത്തോടെ വാർഡുതലത്തിൽ ആരോഗ്യ പരിപാലനം നടത്തുന്നതിനോടനുബന്ധിച്ച് ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. ചില നഗരസഭകളിൽ മാലിന്യങ്ങൾ മാറ്റുന്നതിന് 'ഡോർ ടു ഡോർ കളക്ഷൻ'ഏർപ്പാടാക്കിയിട്ടുണ്ട്. കൂടാതെ നഗരസഭ ആരോഗ്യകാര സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നടത്തിവരുന്നു.

കേരളത്തിൽ അടുത്തിടെ പടർന്നുപിടിച്ച എലിപ്പനി, ഡങ്കിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ തടയുന്നതിന് ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും യഥാക്രമം 1 ലക്ഷം, 2 ലക്ഷം, 4 ലക്ഷം എന്നിങ്ങനെ തുക ചെലവ് ചെയ്യാൻ അനുവാദം നൽകി. പകർച്ചവ്യാധികളെ തടയാനുള്ള ഊർജ്ജിത ശ്രമത്തിന്റെ ഭാഗമായി എല്ലാ ജില്ലാ പഞ്ചായത്തുകളും 5 ലക്ഷം രൂപ വീതവും, ബ്ലോക്ക് പഞ്ചായത്തുകൾ 3 ലക്ഷം രൂപവീതവും അവയുടെ പ്ലാൻഫണ്ടിൽ വകയിരുത്തി ശുചീകരണ പ്രവർത്തനങ്ങൾ അടക്കമുള്ള പകർച്ചവ്യാധി നിവാരണ പ്രവർത്തനങ്ങൾക്ക് പ്രോജക്ടുകൾ തയ്യാറാക്കി ചെലവഴിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾക്കായി ജനകീയ സമിതികൾ രൂപീകരിച്ച് ആരോഗ്യവകുപ്പ്, സാമൂഹിക സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. ഡങ്കിപ്പനി, എലിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് സന്നദ്ധസംഘടനകളുടേയും റസിഡന്റ്സ് അസോസിയേഷനുകളുടേയും സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏത് തരത്തിലുള്ള സമിതികളും രൂപീകരിക്കാൻ അധികാരമുണ്ട്..

## താലൂക്ക് ആശുപത്രികൾ, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ എന്നിവയുടെ വികസനത്തിനായി മാസ്റ്റർ പ്ലാൻ

936. ശ്രീ. എംഎ. വാഹിദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് താലൂക്ക് ആശുപത്രികൾ, പ്രാഥമികാരോഗ്യകെന്ദ്രങ്ങൾ എന്നിവയുടെ വികസനത്തിനായി പ്രത്യേകം ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) മെഡിക്കൽ കോളേജുകളിലെ രോഗികളുടെ ബാഹുല്യം ഒഴിവാക്കുന്നതിന് താലൂക്ക് ആശുപത്രികൾക്കും പ്രാഥമികാരോഗ്യകേന്ദ്രങ്ങൾക്കും കൂടുതൽ ഊന്നൽ നൽകുന്നതു സംബന്ധിച്ച് സർക്കാർ സാദ്ധ്യതാപഠനം നടത്തുമോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) ഇതേപ്പറ്റി ആലോചിക്കുന്നതാണ്.

## വേദനയ്ക്ക് ഫലപ്രദമായ ചികിത്സ

937. ശ്രീ. എ.പി അനിൽകുമാർ
ശ്രീ. ടി.യു രാധാകൃഷ്ണൻ
ശ്രീ. ജി. പ്രതാപവർമ്മതമ്പാൻ
ശ്രീ. വർക്കല കഹാർ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് വേദനയ്ക്ക് ഫലപ്രദമായ ചികിത്സ നൽകുന്നതിന് ഏതെല്ലാം ഗവൺമെന്റ് ആശുപത്രികളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ രംഗത്തെ വിദഗ്ദ്ധ ചികിത്സയ്ക്കുള്ള യോഗ്യതയും പരിശീലനവും സിദ്ധിച്ചിട്ടുള്ള എത്ര ഡോക്ടർമാർ സംസ്ഥാന സർവീസിലുണ്ട്;

(സി) വേദനയ്ക്ക് ചികിത്സ നൽകുന്ന യൂണിറ്റുകൾ എല്ലാമെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഏർപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി)**

(എ) ഇതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സർക്കാർ ആശുപത്രികൾ താഴെപ്പറയുന്നവയാണ്.

1. ജനറൽ ആശുപത്രി, തിരുവനന്തപുരം
2. ജില്ലാ ആശുപത്രി, കൊല്ലം
3. ഗവൺമെന്റ് ആശുപത്രി, നീണ്ടകര
4. ജില്ലാ ആശുപത്രി, കോഴഞ്ചേരി
5. ജനറൽ ആശുപത്രി, എറണാകുളം
6. ജില്ലാ ആശുപത്രി, തൃശൂർ
7. ജില്ലാ ആശുപത്രി, ജാലക്കാട്
8. ജില്ലാ ആശുപത്രി, മാനന്തവാടി

ഇവ കൂടാതെ എല്ലാമെഡിക്കൽ കോളേജ് ആശുപത്രികളിലും ഇതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ആരോഗ്യവകുപ്പ് സർവീസിൽ 21 ഡോക്ടർമാരും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 108 ഡോക്ടർമാരുമുണ്ട്.

(സി) എല്ലാമെഡിക്കൽ കോളേജാശുപത്രികളിലും പെയിൻ ക്ളിനിക്കുകൾ നിലവിലുണ്ട്. വേദനയ്ക്ക് ചികിത്സ നൽകുന്ന യൂണിറ്റുകളില്ലാത്ത ജില്ലാ ആശുപത്രികളിൽ ആയത് ആരംഭിക്കുവാൻ ഘട്ടംഘട്ടമായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ഗ്രാമീണ വ്യവസായ മേഖലയിലെ പദ്ധതികൾ

938. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
ഡോ. തോസ് ഐസക്
ശ്രീ. സാജുപോൾ
ശ്രീ. മഞ്ഞളാംകുഴി അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി ഗ്രാമീണ വ്യവസായമേഖലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഖാദി വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനും പദ്ധതികൾ എന്തെങ്കിലും തയ്യാറാക്കി കേന്ദ്ര ഖാദി കമ്മീഷൻ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) തൊഴിലവസരം സൃഷ്ടിക്കുന്നതിനായി മാർജിൻമണി പദ്ധതിപ്രകാരം ഉള്ള ഏതെല്ലാം പ്രോജക്ടുകളാണ് സമർപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിപ്രകാരം 2001-2002, 2002-2003 എന്നീവർഷങ്ങളിൽ മൊത്തം എന്തു തുക മാർജിൻമണിയും മാർജിൻമണി ഗ്രാന്റുമായി എത്ര സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെന്ന് പറയാമോ;

(ഇ) ഖാദി ബോർഡ് നൽകിയിട്ടുള്ള വായ്പ പത്തുലക്ഷത്തിൻമേൽ കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

ശ്രീ. സി.എഫ്. തോമസ് (ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) ഖാദി ബോർഡ് ഗ്രാമീണ വ്യവസായ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായിവിവിധ ധനകാര്യസ്ഥാപനങ്ങളുടെ സഹായത്തോടെ ഖാദി കമ്മീഷന്റെ മാർജിൻമണി പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ ബോർഡ് നേരിട്ട് ഖാദി , ഗ്രാമവ്യവസായ യൂണിറ്റുകൾ ആരംഭിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവരുന്നു.

(ബി) ഉണ്ട്

ഖാദി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിന് ഖാദി കമ്മീഷന് താഴെപ്പറയുന്ന പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

1. ഖാദി നൂൽ ഉപയോഗിച്ച് സാറ്റിൻ തുണിത്തരങ്ങളുടെ നിർമ്മാണത്തിന് 6,39,000 രൂപയുടെ പ്രോജക്ട്
2. ഖാദി തുണിത്തരങ്ങൾക്ക് സ്റ്റിഫ്നെസ്സ് ഉണ്ടാക്കുന്നതിന് 3 ലക്ഷം രൂപ വീതമുള്ള രണ്ടു പ്രോജക്ടുകൾ
3. കുപ്പടം നെയ്ത്ത് ലഘൂകരണത്തിന് 11,10,000 രൂപയുടെ പ്രോജക്ട്.

4. പോളിസ്റ്റർ ഫൈബർ ഉപയോഗിച്ച് സാറ്റിൻ തുണിത്തരങ്ങൾ നിർമ്മിക്കുന്നതിന് 6,39,000 രൂപയുടെ പ്രോജക്ട്
5. കുപ്പടം നെയ്ത്തിനുള്ള കോൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിന് 52,60,000 രൂപയുടെ പ്രോജക്ട്.

(സി) മാർജിൻമണി പദ്ധതിപ്രകാരം ഖാദികമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഗ്രാമവ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് 25 ലക്ഷം രൂപ വരെയുള്ള പ്രോജക്ട് വരെയാണ് സമർപ്പിക്കുന്നത്. ഖാദി ഗ്രാമവ്യവസായ കമ്മീഷൻ അംഗീകരിച്ചിട്ടുള്ളതുംനെഗറ്റീവ് ലിസ്റ്റിൽപ്പെടാത്തതുമായ ഗ്രാമവ്യവസായങ്ങൾക്കാണ് മാർജിൻ മണി പദ്ധതിയനുസരിച്ച് സഹായം നൽകുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വ്യവസായങ്ങൾ മയക്കുമരുന്ന് മദ്യം, ലഹരി പദാർത്ഥങ്ങൾ മാംസം, മത്സ്യം എന്നിവ അടിസ്ഥാനപ്പെടുത്തിയ വ്യവസായങ്ങൾ നെഗറ്റീവ് ലിസ്റ്റിൽപ്പെടുന്നു. കയറും കയറധിഷ്ടിത വ്യവസായങ്ങളും നെഗറ്റീവ് ലിസ്റ്റിൽ നിന്നും അടുത്തകാലത്ത് മാറ്റിയിട്ടുണ്ട്.

(ഡി) 2001-02, 2002-03 എന്നീവർഷങ്ങളിൽ ആകെ 1083.52 ലക്ഷം രൂപ 826 യൂണിറ്റുകൾക്കായി മാർജിൻമണി ഗ്രാന്റായി ബോർഡ് വിതരണം ചെയ്തിട്ടുണ്ട്.

(ഇ) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## പ്ളാച്ചിമടയിലെ കൊക്കോകോള കമ്പനിയുടെ മാലിന്യങ്ങളെക്കുറിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനം

939. ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പ്ളാച്ചിമടയിലെ കൊക്കോകോള കമ്പനിയിൽ നിന്നും പുറംന്തള്ളുന്ന മാലിന്യങ്ങളെക്കുറിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) കൊക്കോകോള കമ്പനിയുടെ മലിനീകരണം നിയന്ത്രിക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ് എന്തൊക്കെ നിർദ്ദെശങ്ങളും ഉത്തരവുകളും നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; അവ ലഭ്യമാക്കുമോ;

(സി) മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉത്തരവുകളും നിർദ്ദേശങ്ങളും പ്രസ്തുത കമ്പനി പാലിച്ചിട്ടുണ്ടോ; എന്ന് പരിശോധിക്കാൻവേണ്ടി എത്ര പ്രാവശ്യം പരിശോധന നടത്തി എന്നു വെളിപ്പെടുത്തുമോ; ആയതിന്റെ പരിശോധന റിപ്പോർട്ട് ലഭ്യമാക്കുമോ;

(ഡി) ഖരമാലിന്യങ്ങളുടെ കെമിക്കൽ അനാലിസിസിൽ എന്തൊക്കെ മാലിന്യ ഘടകങ്ങൾ കണ്ടെത്തി എന്നും അവയിൽ ഏതൊക്കെ വിഷപദാർത്ഥങ്ങളാണെന്നും വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി)**

(എ) പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച അനാലിസിസ് റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) കമ്പനി സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും മലിനീകരണ നിയന്ത്രണ നബന്ധനമാ വിധേയമായ അനുമതിപത്രങ്ങളാണ് മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടുള്ളത്.

കൂടാതെ ഫാക്ടറിയിലുണ്ടാകുന്ന ഖരമാലിന്യങ്ങൾ കമ്പനി പരിസരത്തുനിന്നും പുറത്തേയ്ക്ക് കൊണ്ടുപോകരുതെന്നും വളമായ കമ്പനി പസരത്തുപോലും ഉപയോഗിക്കരുതെന്നും ഉറപ്പാക്കണമെന്ന് 5.8.2003 ൽ ബോർഡ് കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്ദ്യോഗസ്ഥർ നിരവധി തവണ പരിശോധന നടത്തിയിട്ടുണ്ട്

(ഡി) ഖരമാലിന്യങ്ങളുടെ രാസപരിശോധന റിപ്പോർട്ട് താഴെക്കൊടുക്കുന്നു.

| നമ്പർ | മാലിന്യഘടകം | യൂണിറ്റ് | പരിശോധന റിപ്പോർട്ട് | | കമ്പോസ്റ്റ് ആയി ഉപയോഗിക്കാൻ സ്വീകാര്യമായ പരിധി |
|---|---|---|---|---|---|
| | | | 10.2003 | 29.7.2003 | |
| 1 | അയൺ | മല്ലിഗ്രാം/കി. ഗ്രാം | 23.6 | 4514 | പരിധി കുറഞ്ഞിട്ടില്ല. |
| 2 | സിങ്ക് | | 1.2 | 471 | 1000 |
| 3 | കോപ്പർ | | ബി.ഡി.എൽ | 196.3 | 300 |
| 4 | ആർസനിക | | ബി.ഡി.എൽ | ബി.ഡി.എൽ | 10 |
| 5 | കാഡ്മിയം | | ബി.ഡി.എൽ | 201.8 | 5 |
| 6 | നിക്കൽ | | 0.24 | 81.4 | 50 |

| | | | | | |
|---|---|---|---|---|---|
| 7 | ലെഡ് | | 0.41 | 319 | 100 |
| 8 | ടോട്ടൽ ക്രോമിയം | | 0.31 | 97.1 | 50 |
| 9 | മാംഗനീസ് | | | 14.72 | പരിധി പറഞ്ഞിട്ടില്ല |

ആഉഘ ആലഹീം ഉലലേരമേയഹല ഹല്ലഹ.

ഫാക്ടറിയിൽ നിന്നുള്ള ഖരമാലിന്യത്തിൽ കാഡ്മിയം, നിക്കൽ, ലെഡ്, ടോട്ടൽ ക്രോമിയം എന്നിവയുടെ അളവ് ടോട്ടൽ കമ്പോസ്റ്റ് ആയി ഉപയോഗിക്കാൻ സ്വീകര്യമായ പരിധിയിലും കൂടുതലാണ്. അതിനാൽ ഖരമാലിന്യം വളമായി ഉപയോഗിക്കാൻ പാടില്ല.

**അർഹതപ്പെട്ടവർക്ക് സംവരണം നിലനിർത്താൻ നടപടി**

940. ശ്രീ. സാജുപോൾ
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ.പിരപ്പൻകോട് മുരളി
ശ്രീ. കെ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സർക്കാർ സ്വീകരിച്ച സാമ്പത്തിക നയത്തിന്റെയും സ്വകാര്യ വത്ക്കരണത്തിന്റെയും ഫലമായി വർഷങ്ങളായി നിയമങ്ങളിലും മറ്റും ലഭിച്ചുകൊണ്ടിരുന്ന സംവരണം അർഹതപ്പെട്ടവർക്ക് നഷ്ടപ്പെടുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പിന്നോക്ക സമുദയങ്ങൾക്കും പട്ടികജാതി/പട്ടിക വിഭാഗങ്ങൾക്കും മറ്റും ലഭിച്ചുകൊണ്ടിരുന്ന സംവരണ് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പൊതുമേഥലാ സ്ഥാപനങ്ങൾ സ്വകാര്യവത്ക്കരിക്കപ്പെടുമ്പോൾ പ്രസ്തുത സ്ഥാപനങ്ങളിൽ നിലനിന്നിരുന്ന സംവരണ തത്വം സ്വകാര്യ സ്ഥാപനങ്ങളിൽ പാലിക്കപ്പെടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടീട്ടുണ്ടെങ്കഅ;

(ഡി) എങ്കിൽ ഈ സ്ഥാപനങ്ങളിൽ സംവരണതത്വം നിലനിർത്താൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**
**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി)**

(എ) സർക്കാർ നിയമനങ്ങളിൽ അർഷതപ്പെട്ടവർക്ക് സംവരണം നഷ്ടപ്പെടുന്നതായ യാതൊര വിവരവും സരക്കാരിന്റെ ്ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) & (ഡി) ഭരണഘടനയുടെ 16(4) വകുപ്പനുസരിച്ച് പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം സർക്കാർ സർവീസിൽ ലഭിക്കുന്നില്ലെന്ന് ബോധ്യമായാൽ അത്തരം വിഭാഗങ്ങൾക്ക് സർക്കാർ സർവീസിൽ സംവരണം ഏർപ്പെടുത്താൻ ഗവൺമെന്റിന് വിശേഷാധികാരമുണ്ട്. അതായത് സംവരണം എന്ന തത്വം ഭരണഘടനയുടെ 16-ാം വകുപ്പനുസരിച്ച് സ്റ്റേറ്റിന്റെ പരിധിയിൽ മാത്രം വരുന്നതാണ്. ഭരണഘടനയുടെ 12-ാം വകുപ്പനുസരിച്ച് സ്റ്റേറ്റ് എന്നത് ഗവൺമെന്റ് ഏജൻസികളോ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളോ ആണ്. അങ്ങനെ വരുമ്പോൾ ഗവൺമെന്റ് നിയന്ററതണമുള്ള സ്ഥാപനങ്ങളിൽ മാത്രമേ സംവരണം പാലിക്കാൻ കഴിയുകയുള്ളു. അയതിനാൽ പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യവത്ക്കരിക്കപ്പെടുമ്പോൾ സംവരണതത്വം നിലനിർത്താൻ കഴിയുകയില്ല.

**നിർമ്മാർജ്ജനം ചെയ്ത പകർച്ചവ്യാധികൾ**

941.. ശ്രീ. എൻ ശക്തൻ :
ശ്രീ.ലൂഡി ലൂയീസ് :
ശ്രീമതി. രാധാ രാഘവൻ:
ശ്രീ.എ. സുജനപാൽ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിന്നും ഏതെല്ലാം പകർച്ചവ്യാധികളാണ് നേരത്തെ നിർമ്മാർജ്ജനം ചെയ്തിരുന്നത് ; അവയിൽ ഏതെല്ലാം രോഗങ്ങൾ വീണ്ടും സംസ്ഥാനത്ത് പ്രത്യക്ഷപ്പെട്ടിട്ടുണ്ട് ;

(ബി) ഈ രോഗങ്ങളുടെ തിരിച്ചുവരവിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ ?

**ഉത്തരം**

**ശ്രീ. പി.ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി ) :**

(എ) വസൂരി, ഗിനിവേം ബാധ, മലേറിയ എന്നീ രോഗങ്ങളാണ് സംസ്ഥാനത്തു നിന്നും നേരത്തെ നിർമ്മാർജ്ജനം ചെയ്തിരുന്നത് . എന്നാൽ കുറച്ച് വർഷങ്ങളായി മലേറിയ വീണ്ടും പ്രത്യക്ഷപ്പെട്ടു കാണുന്നു.

(ബി) അമിതമായ നഗരവൽക്കരണം, പ്രകൃതിയുടേയും, കാലാവസ്ഥയുടേയും അസന്തുലിതാവസ്ഥ, അശാസ്ത്രീയമായ നഗരാസൂത്രണവും നിർമ്മാണപ്രവർത്തനങ്ങളും, ആളുകളുടെ ജീവിതരീതിയിൽ വന്ന മാറ്റങ്ങളും, അനാരോഗ്യകരമായ പാർപ്പിട നിർമ്മാണങ്ങളും, തിങ്ങിപ്പാർക്കുന്ന സാഹചര്യങ്ങളും കൊതുകുകൾ പെരുകുന്നതിനും, രോഗം പകരുന്നതിനുമുള്ള സാഹചര്യങ്ങൾ വർദ്ധിക്കുകയുണ്ടായി. ഇത് മലേറിയായുടെ തിരിച്ചുവരവിന് കാരണമാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മലേറിയ കൂടുതലായി കണ്ടുവരുന്ന മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇവിടെ എത്തുന്നവരിൽ നിന്നും രോഗബാധയുണ്ടാകുന്നുണ്ട്.

## റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ

942 ശ്രീ.ടി.കെ.ബാലൻ :
ശ്രീ. പി.സി.ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) ആണവോർജ്ജ നിയന്ത്രണബോർഡും ഡയറക്ടർ ഓഫ് റേഡിയേഷൻ സേഫ്റ്റിയും ചേർന്ന് കേരളത്തിലെ ആരോഗ്യമേഖലയിൽ നടത്തിയ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; പഠന റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ എക്സ്റേ സ്ഥാപനങ്ങളിലും ആശുപത്രികളിലും സുരക്ഷാ ക്രമീകരണങ്ങൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ ;

(ഇ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും എക്സ്റേ ക്ലിനിക്കുകളിലും ഉള്ളവർ യോഗ്യതയില്ലാത്ത ടെക്നീഷ്യന്മാരാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് സംബന്ധിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ;

(എഫ്) എക്സ്റേ, സ്കാൻ എന്നിവയുടെ ദുരുപയോഗം മൂലം ജനിതക വൈകല്യം, തിമിരം, ക്യാൻസർ തുടങ്ങിയ രോഗങ്ങൾ ഉണ്ടാകാനിടയുണ്ടെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

**ശ്രീ. പി.ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി ) :**

(എ) 1971-ലെ റേഡിയേഷൻ പ്രൊട്ടക്ഷൻ നിയമങ്ങൾ, 1962-ലെ അറ്റോമിക് എനർജി ആക്ടു പ്രകാരം നടപ്പിലാക്കുക എന്നതാണ് റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റിന്റെ ഉദ്ദേശം. സംസ്ഥാനത്തെ എക്സ്റേ/സി.റ്റി .യൂണിറ്റുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയും അവ നിയമാനുസരണം പ്രവർത്തിക്കുന്നവയാണോ എന്നു കണ്ടെത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയുമാണ് റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ

(ബി) ഉണ്ട്.

(സി) ഈ പഠനം അടുത്തകാലത്താണ് തുടങ്ങിയത്. പഠനത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) പഠനത്തിന് ശേഷമുള്ള പൂർണ്ണ റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിനുശേഷമുള്ള പൂർണ്ണ റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിനുശേഷമേ ഇതു സംബന്ധിച്ച് നടപടികൾ തുടങ്ങാനാകുകയുള്ളൂ.

(ഇ) റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റിന്റെ അന്വേഷണ റിപ്പോർട്ട് പ്രകാരം സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന ടെക്നീഷ്യൻമാരിൽ 60% ത്തോളം അവശ്യം വേണ്ട യോഗ്യത ഇല്ലാത്തവരാണ് എന്നാണ് മനസ്സിലാകുന്നത്. സ്വകാര്യ ആശുപത്രികളിലും എക്സ്റേ ക്ലിനിക്കുകളിലും അന്വേഷണം നടത്തിയശേഷമാണ് റേഡിയേഷൻ സേഫ്റ്റി ഡയറക്ടർ റിപ്പോർട്ടു സമർപ്പിച്ചിട്ടുള്ളത്. നിയമാനുസരണം പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് മാത്രമേ അംഗീകാരം നൽകിയിട്ടുള്ളൂ.

(എഫ്) അന്താരാഷ്ട്ര തലത്തിലുള്ള പഠനങ്ങൾ അനുസരിച്ച് എക്സ്റേ സി.റ്റി. പരിശോധനകൾ ക്യാൻസർ, തിമിരം മുതലായ അസുഖങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് തടയുന്നതിനായി റേഡിയേഷൻ സേഫ്റ്റി നിയമങ്ങൾ കർശനമായും നടപ്പിലാക്കുമെന്ന് ഉറപ്പ് വരുത്തുന്നതിനു വേണ്ടിയാണ് റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ് സ്ഥാപിച്ചിട്ടുള്ളത്.

## സ്റ്റെഡിന്റെ പ്രവർത്തനം വിപുലപ്പെടുത്താനും ശക്തിപ്പെടുത്താനും നടപടി

943 ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. രംഗത്തെ പുതിയ മുന്നേറ്റങ്ങളുടെ വെളിച്ചത്തിൽ സ്റ്റെഡ് പ്രോജക്ടിനെ കൂടുതൽ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇത് സംബന്ധമായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു യോഗം വിളിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) പഞ്ചായത്തുതലത്തിലും സ്കൂൾ തലത്തിലും സ്കൂൾ പഠനം കാര്യക്ഷമമാക്കുന്നതിന് ഈ രംഗത്തുള്ള സ്റ്റെഡിന്റെ അനുഭവസമ്പത്ത് ഗവണ്മെന്റ് പ്രയോജനപ്പെടുത്തുമോ ;

(ഡി) എങ്കിൽ എന്തൊക്കെ നടപടികളാണ് ഗവണ്മെന്റ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) സ്റ്റെഡിന്റെ വിഭവസമാഹരണ പ്രവർത്തനം വിപുലപ്പെടുത്താനും സ്വയംഭരണസ്ഥാപനമായി അതിനെ ശക്തിപ്പെടുത്താനും ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ ;

(എഫ്) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ പ്രവർത്തന സാഹചര്യങ്ങളിലും വേതന ഘടനയിലും കാലോചിതമായ മാറ്റം വരുത്താൻ ഗവണ്മെന്റ് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി ) :**

(എ) സ്റ്റെഡ് പ്രോജക്ടിനെ കൂടുതൽ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ പ്രത്യേക നിർദ്ദേശങ്ങളൊന്നും ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ പരിഗണനയിലില്ല.എന്നാൽ ഐ.ടി. രംഗത്ത് സ്റ്റെഡിന്റെ സഹകരണത്തോടെ കേരളാ സ്റ്റേറ്റ് ഐ.ടി.മിഷൻ മലപ്പുറം ജില്ലയിൽ പ്രാവർത്തികമാക്കിയ അക്ഷയ പ്രോജക്ടിന്റെ കീഴിൽ 600 ഓളം അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്താനും അവയുടെ നിലനിൽപ്പ് ദീർഘകാല വീക്ഷണത്തോടെ ഉറപ്പു വരുത്താനും വേണ്ട നിർദ്ദേശങ്ങൾ കേരള സംസ്ഥാന ഐ.ടി. മിഷന് സമർപ്പിച്ചിട്ടുള്ളതായി സ്റ്റെഡ് പ്രോജക്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(സി) സ്കൂൾ പഠനം കാര്യക്ഷമമാക്കുന്നതിന് ഇപ്പോൾ സ്റ്റെഡ് പ്രോജക്ടിന്റെ സേവനം ഉപയോഗപ്പെടുത്തുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) സ്റ്റെഡ് പ്രോജക്ടിനെ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കാത്ത രീതിയിൽ ഒരു സ്വയംഭരണസ്ഥാപനമാക്കി മാറ്റുന്നതിന് 26.3.2001-ലെ ജി.ഒ.(ആർ.റ്റി ) നംപർ 103/2001/സ്റ്റെഡ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പിന്നീട് കൂടുതൽ സ്വയംഭരണ സ്ഥാപനങ്ങൾ അനുവദിക്കേണ്ട എന്ന നയം അവലംബിച്ചതു മൂലം ഇക്കാര്യത്തിൽ നടപടികളൊന്നും സ്വീകരിക്കുകയുണ്ടായില്ല.

(എഫ്) സ്റ്റെഡ് പ്രോജക്ടിന്റെ ഭരണപരമായ കാര്യങ്ങളിൽ സർക്കാരിന് നിയന്ത്രണം ഇല്ലാത്തതിനാൽ ഇക്കാര്യത്തിൽ നിർദ്ദേശം നൽകാൻ സാധിക്കുകയില്ല.

കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം അനുവദിച്ച തുക

944. ശ്രീ.പി.എസ്.സുപാൽ :

ശ്രീ.പി.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന് കഴിഞ്ഞ വർഷം എത്ര തുക അനുവദിച്ചു ;

(ബി) ഈ തുക ചെലവഴിക്കാൻ കഴിയാത്തതിനാൽ ലാപ്സായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ആരോഗ്യ വകുപ്പിൽ പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗത്തിനു വേണ്ടിയുള്ള സ്പെഷ്യൽ കംപോണന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി കഴിഞ്ഞ വർഷം എത്ര തുക അനുവദിച്ചു ; ഇതിൻ പ്രകാരം ചെലവഴിച്ച തുക എത്ര ;

(ഡി) ഈ പദ്ധതി പ്രകാരം തുക ചെലവഴിക്കാതെ ലാപ്സായിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത തുക ചെലവഴിക്കാൻ കഴിയാതെ പോയതിന്റെ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

**ശ്രീ. പി.ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി ) :**

(എ) കഴിഞ്ഞ വർഷം സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ആരോഗ്യ

വകുപ്പിന് 100% കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 10371 ലക്ഷം രൂപയും 50% കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 380 ലക്ഷം രൂപയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങളും താമസ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി 139 ലക്ഷം രൂപയും തൃപ്പൂണിത്തുറ ആയുർവേദ കോളേജിലെ ലേഡീസ് ഹോസ്റ്റലിന്റെ അഡീഷണൽ ബ്ലോക്ക് പണിയുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിനുമായി 27 ലക്ഷം രൂപയും ആയുർവേദ ഡോക്ടർമാർക്ക് റീ ഓറിയന്റേഷൻ പരിശീലനം നൽകുന്നതിന് 190600 രൂപയും ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ശില്പശാല/പരിശീലനം എന്നിവ നടത്തുന്നതിനായി 70,000 രൂപയും ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ 100% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 85.52% വും 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 72.63% വും തുക ചെലവഴിച്ചിട്ടുണ്ട്. സ്റ്റേറ്റ് ബ്ളൈൻഡ്നസ് കൺട്രോൾ സൊസൈറ്റി രൂപീകരണം വൈകിയതുകൊണ്ടാണ് തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്തത്. എന്നാൽ മറ്റു വിഭാഗങ്ങൾക്ക് അനുവദിച്ച തുക ലാപ്സായിട്ടില്ല.

(സി) 2002-03 വർഷത്തിൽ വിദ്യാർത്ഥികളുടെ പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി 65 ലക്ഷം രൂപയും താമസ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 74 ലക്ഷം രൂപയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ചു. ഇതിൽ 8 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. മറ്റു വിഭാഗങ്ങൾക്ക് ഈ ഇനത്തിൽ തുക അനുവദിച്ചിട്ടില്ല.

(ഡി) ഈ തുക ലാപ്സായിട്ടില്ല. തുക സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്കിൽ നിക്ഷേപിച്ചിരിക്കുകയാണ്. 74 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചീഫ് എൻജിനീയർ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാക്കി തുക ചെലവാക്കാനുള്ള നടപടികൽ സ്വീകരിച്ചു വരുന്നു.

## മലിനീകരണത്തിന്റെ ആധിക്യത്തെ സംബന്ധിച്ച കണ്ടെത്തലുകൾ

945 ശ്രീ.കെ.മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ)) ഇന്ത്യയിലെ പ്രധാന നഗരങ്ങളിലെ മലിനീകരണത്തിന്റെ ആധിക്യത്തെ സംബന്ധിച്ച് കേന്ദ്ര പൊല്യൂഷൻ കണ്ട്രോൾ ബോർഡിന്റെ കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തിരുവനന്തപുരം നഗരത്തിലെ മലിനീകരണത്തിന്റെ നിലവാരത്തെ സംബന്ധിച്ചുള്ള നിഗമനങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വിലയിരുത്തലുകൾ ശാസ്ത്രീയ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണെന്ന് കരുതുന്നുണ്ടോ ;

(ഡി) കേന്ദ്ര ബോർഡ് അടിസ്ഥാനരഹിതമായ നിഗമനത്തിലെത്തിയതാണെങ്കിൽ ശക്തമായ പ്രതിഷേധക്കുറിപ്പ് ദേശീയ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

(ഇ) വാഹനങ്ങൾ മൂലമുണ്ടാകുന്ന മലിനീകരണം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(എഫ്) നഗരങ്ങളിൽ ജലമലിനീകരണം പരിഹരിക്കാൻ ദീർഘകാല പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കുമോ ;

(ജി) ശ്വാസകോശ രോഗങ്ങൾക്കും ഇതര മലിനീകരണജന്യമായ രോഗങ്ങൾക്കും ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ താലൂക്ക് ആശുപത്രികളിൽ ഉറപ്പാക്കുമോ ;

(എച്ച്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും വിദ്യാലയങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് പുതിയ മലിനീകരണ പ്രതിരോധ പദ്ധതി ആവിഷ്കരിക്കുമോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ ( ആരോഗ്യ വകുപ്പുമന്ത്രി )** :

(എ) ഉണ്ട്.

(ബി) കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പ്രസിദ്ധീകരിച്ച അന്തരീക്ഷ വായു ഗുണനിലവാര റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം നഗരത്തിൽ ചില സന്ദർഭങ്ങളിൽ പൊടിയുടെ അളവ് കൂടുതലാണെന്ന് കണ്ടിട്ടുണ്ട്.

(സി) & (ഡി) ശാസ്ത്രീയ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ വിലയിരുത്തലുകൾ നടത്തിയിട്ടുള്ളത്.

(ഇ) സംസ്ഥാനത്ത് ഓടുന്ന വാഹനങ്ങൾക്ക് മോട്ടോർ വാഹന വകുപ്പ് അംഗീകരിച്ച ടെസ്റ്റിംഗ് സെന്ററുകളിൽ നിന്ന് നൽകുന്ന പരിശോധന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്.

(എഫ്) ദീർഘകാല പദ്ധതികൾ നിലവിലില്ല. ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ജി) താലൂക്ക് ആശുപത്രികളിൽ ഇതിനുള്ള സൗകര്യമുണ്ട്.

(എച്ച്) പരിഗണിക്കുന്നതാണ്.